## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ 20/7/2011 ൽ മറുപടി നൽകേണ്ടിയിരുന്നത്

ചോദ്യം നമ്പർ: 2807

### എല്ലാപഞ്ചായത്തുകളിലും സ്കൂളുകളും ആശുപത്രികളും ഉണ്ടെന്ന് ഉറപ്പുവരുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജി.സുധാകരൻ : | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) ഹയർ സെക്കന്ററി സ്കൂൾ, അലോപ്പതി, ആയുർവേദ, ഹോമിയോ ആശുപത്രികൾ എന്നിവ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ ഇവ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ; | (എ) അതതു വകുപ്പുകളാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത്. |
| (ബി) ഇപ്പോൾ സംസ്ഥാനത്ത് മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ ഇല്ലാത്ത പഞ്ചായത്തുകളുടെ പേരുവിവരം ജില്ലാടിസ്ഥാനത്തിലും ജില്ലയിലെ നിയമസഭാമണ്ഡലാടിസ്ഥാനത്തിലും നൽകുമോ ? | (ബി) വയനാട് ജില്ലയിൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഹയർസെക്കന്ററി സ്കൂളുകൾ നിലവിലുണ്ട്. തിരുവനന്തപുരം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ എല്ലാപഞ്ചായത്തുകളിലും അലോപ്പതി ആശുപത്രികളും കൊല്ലം, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ആയുർവേദ ആശുപത്രികളും നിലവിലുണ്ട്. സംസ്ഥാനത്ത് ഹയർ സെക്കന്ററി സ്കൂളുകൾ നിലവിലില്ലാത്ത 122 ഗ്രാമപഞ്ചായത്തുകളും അലോപ്പതി ആശുപത്രികൾ ഇല്ലാത്ത 18 ഗ്രാമപഞ്ചായത്തുകളും ആയുർവേദ ആശുപത്രി ഇല്ലാത്ത 76 ഗ്രാമപഞ്ചായത്തുകളും ഹോമിയോ ആശുപത്രി ഇല്ലാത്ത 235 ഗ്രാമപഞ്ചായത്തുകളും ഉണ്ട്. അവയുടെ പേരുവിവരം ജില്ലാടിസ്ഥാനത്തിലും നിയമസഭാമണ്ഡലാടിസ്ഥാനത്തിലും അനുബന്ധമായി ചേർക്കുന്നു. |

അനുബന്ധം
സെക്രട്ടറിയിൽ
ലഭ്യമാണ്

സെക്ഷൻ ഓഫീസർ